## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2299 — 08.12.2015 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കിൽ നിന്നും വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ത്രിതല സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുകയും തുടർന്ന് വായ്പക്കാരന് മാരകമായ അസുഖം പിടിപെടുക, മരണപ്പെടുക തുടങ്ങിയ സന്ദർഭങ്ങളിൽ ലോൺ തുകയിൽ കുറവ് വരുത്തിയോ, മാനുഷിക പരിഗണന നൽകി വായ്പാ തുക ഒഴിവാക്കുകയോ ചെയ്യുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ സാഹചര്യങ്ങളിലാണെന്നും, നൽകുന്ന സഹായം എന്താണെന്നും അറിയിക്കുമോ; | (എ) ത്രിതല സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്.<br><br>വായ്പയെടുത്തശേഷം വായ്പക്കാരന് മാരക രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ |

മരണപ്പെടുകയാണെങ്കിൽ അർഹതയുള്ള ധനസഹായത്തിൽ നിന്നും (പരമാവധി 1.50 ലക്ഷം രൂപ) ലഭിച്ച ആനുകൂല്യം കഴിച്ച് ബാക്കി സംഖ്യയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും വിതരണം ചെയ്യുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പാക്കാരനിൽ നിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്.

(ബി) വൃക്ക സംബന്ധമായ രോഗം, കാൻസർ, ഗുരുതരമായ ഹൃദയ രോഗങ്ങൾ എന്നിവ മൂലം വായ്പ തിരിച്ചടവ് മുടങ്ങുന്നവർ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് പരിധിയിൽ ഇവരെ ഉൾപ്പെടുത്തുവാൻ നിയമം അനുവദിക്കുന്നുവോ; ഇല്ലായെങ്കിൽ കാര്യം ബോദ്ധ്യപ്പെട്ട് പ്രത്യേക പരിഗണന നൽകുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ ?

(ബി) റിസ്ക് ഫണ്ട് പ്രീമിയം ഒടുക്കിയ വായ്പാക്കാരൻ വായ്പയെടുത്തശേഷം മാരകരോഗങ്ങൾ പിടിപെട്ടാൽ റിസ്ക് ഫണ്ട് പരിധിയിൽ വരുന്നതാണ്. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് മാരക രോഗത്തിന്റെ പട്ടികയിൽ വരുന്നത്. റിസ്ക് ഫണ്ട് പ്രീമിയം ഒടുക്കാത്ത വായ്പക്കാർക്ക് മാരകരോഗം പിടിപെട്ടാൽ റിസ്ക്ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരുകയില്ല. എന്നാൽ റിസ്ക് ഫണ്ട് പ്രീമിയം അടച്ച വായ്പക്കാരന് റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയുടെ ഏതെങ്കിലും വ്യവസ്ഥ പ്രകാരം അർഹത നഷ്ടപ്പെട്ടാൽ പ്രസ്തുത വ്യവസ്ഥയിൽ ഇളവ് അനുവാദം നൽകി വായ്പക്കാരൻ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ